1527-13

കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

നമ്പർ: 27053/എച്ച്2/09/തൊഴിൽ.

തിരുവനന്തപുരം,
തീയതി: 04/02/2010

## സർക്കുലർ

വിഷയം:- കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി - 2005-ൽ പരിഷ്ക്കരിച്ച പദ്ധതി പ്രകാരം ക്ഷേമനിധിയിലേക്കുള്ള തൊഴിലാളി വിഹിതം - കുടിശ്ശിക അടയ്ക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:-
1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/11/'09 ലെ ജി1/4416/07 നമ്പർ കത്ത്.
2. 13/08/'09 ലെ 17308/എച്ച്2/09/തൊഴിൽ നമ്പർ സർക്കുലർ.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള കുടിശ്ശിക വിഹിതം അടയ്ക്കുന്നതിന് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ഗഡുക്കൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ തൊഴിലാളികൾ കുടിശ്ശിക അടയ്ക്കേണ്ടുന്ന കാലാവധി 07/09-ന് അവസാനിച്ചു. എന്നാൽ തൊഴിലുടമകളുടെ കുടിശ്ശിക അടയ്ക്കേണ്ടുന്ന കാലാവധി അവസാനിച്ചിട്ടില്ല. ടി ഉത്തരവുകൾ പ്രകാരം തൊഴിലാളികൾക്ക് കുടിശ്ശിക അടയ്ക്കുന്നതിന് ഉദാരമായ തവണ വ്യവസ്ഥകൾ അനുവദിച്ചിട്ടും ധാരാളം തൊഴിലാളികൾ ഇനിയും കുടിശ്ശിക അടയ്ക്കുവാനുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനെ അറിയിച്ചിരുന്നു. തൊഴിലുടമ ക്ഷേമനിധി വിഹിതം അടയ്ക്കുന്ന സാമ്പത്തിക വർഷത്തിൽ തന്നെ തൊഴിലാളി ആനുപാതികമായി വിഹിതം അടയ്ക്കുന്നില്ലായെങ്കിൽ തൊഴിലുടമ അടച്ച വിഹിതം മറ്റു ക്ഷേമ പ്രവർത്തന ഫണ്ടിലേക്ക് വകമാറുമെന്നു പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ തൊഴിലുടമാ വിഹിതത്തോടൊപ്പം തൊഴിലാളി വിഹിതം (Matching Contribution) അടയ്ക്കാത്ത കേസുകളിൽ തൊഴിലാളിയുടെ റീഫണ്ട് പാസ്സാക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നല്കുന്നതിനും തടസ്സം നേരിടുന്നതുകൊണ്ട് 24/10/2009 ന് ചേർന്ന 231-ാം ബോർഡ് യോഗം ഈ വിഷയം ചർച്ച ചെയ്യുകയും 2011 മാർച്ച് 31 വരെ കുടിശ്ശിക അടയ്ക്കുന്നതിന് തൊഴിലാളികൾക്ക് അവസരം നല്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂചന ഒന്ന് പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലേക്ക് കുടിശ്ശിക അടയ്ക്കുന്നതിന് തൊഴിലാളികൾക്ക് 2011 മാർച്ച് 31 വരെ സമയം അനുവദിക്കുന്നു. ഈ അവസരവും വിനിയോഗിക്കാത്ത തൊഴിലാളികളുടെ ഉടമകൾ അടയ്ക്കുന്ന വിഹിതം മറ്റ് ക്ഷേമ പ്രവർത്തന ഫണ്ടിലേക്ക് വക കൊള്ളിക്കേണ്ടതാണ്.

സി.കെ.വിശ്വനാഥൻ
ഗവൺമെന്റ് സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് ഭവൻ,
കിഴക്കേക്കോട്ട, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,
ഹരിശ്രീ, എം.ഡബ്ല്യൂ.ആർ.എ -14,
കൊച്ചുപ്ലാമ്മൂട്, കൊല്ലം.

പകർപ്പ്: സെക്രട്ടറി,
ഗതാഗത വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. B1/C1/4180/TC/04 dt 25.03.2010

Copy forwarded to all DTCs, RTOs and JRTOs for information and necessary action.

26/3

Sr. DTC (Tax)
for Transport Commissioner

26/3/10